**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1336** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി പരീക്ഷകൾക്കുള്ള ഗ്രേസ് മാർക്കിന്റെ പുതിയ നിയമാവലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കൻഡറി പരീക്ഷകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ നിയമാവലി ഇറക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത നിയമാവലിയുടെ പ്രസക്ത ഭാഗം ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പരീക്ഷകളിൽ മോഡറേഷൻ നൽകുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്. ഓരോ വർഷങ്ങളിലെയും വിജയശതമാനം കണക്കാക്കി മോഡറേഷൻ നൽകണോ എന്ന് ഫലപ്രഖ്യാപനത്തിന് മുമ്പ് കൂടുന്ന പരീക്ഷാ ബോർഡാണ് തീരുമാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ഹയർ സെക്കന്ററി വിഭാഗം- പരിഷ്കരിച്ച ഹയർ സെക്കന്ററി പരീക്ഷ മാന്വൽ- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.394/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 18/01/2022

---

പരാമർശം:-

1. 18/12/2017 ലെ സ.ഉ.(സാധാ) നം.4840/2017/പൊ.വി.വ.
2. 16/08/2021 ലെ സ.ഉ.(സാധാ) നം.3736/2021/പൊ.വി.വ.
3. 2/12/2021 ലെ സ.ഉ.(സാധാ) നം.5600/2021/പൊ.വി.വ.
4. 11/01/2022 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഇ.എക്സ്II/I/13200/എച്ച് എസ്.ഇ./2017 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം നിലവിലുള്ള ഹയർ സെക്കന്ററി പരീക്ഷ മാന്വൽ പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി 15 അംഗ സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം പരിഷ്കരിച്ച ഹയർ സെക്കന്ററി പരീക്ഷ മാന്വലിന്റെ കരട് പരിശോധനയ്ക്കും അംഗീകാരത്തിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പരിഷ്കരിച്ച ഹയർ സെക്കന്ററി പരീക്ഷ മാന്വൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 18-01-2022 13:24:45
Reason: Approved

7

Chapter 5

# Grace mark and concessions

The details regarding grace mark for co-curricular and extra-curricular activities for first year and second year students and examination concessions for differently abled students shall be announced along with the examination notification. However while awarding any grace marks, the maximum grace mark that can be allotted to a subject is limited to raising the score of that subject to 90% . The grace marks awarded to each subject shall be shown separately in the certificate/score sheet.